By Special Messenger.

കേരള സർക്കാർ
**ധനകാര്യ (റൂൾസ് - ബി) വകുപ്പ്**

## <u>സർക്കുലർ</u>

നം.39/2014/ധന തീയതി,തിരുവനന്തപുരം, 30/04/2014.

വിഷയം:- കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII A/ XII C പ്രകാരമുള്ള - ശൂന്യവേതനാവധിയുടെ ഉപയോഗിക്കാത്ത ഭാഗം റദ്ദ് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :- (1) സ.ഉ (പി) നം.656/2012/ധന തീയതി. 01.12.2012.
(2) സർക്കുലർ നം.13/2003/ധന തീയതി. 17.01.2003.
(3) സ.ഉ (പി) നം.529/2013/ധന തീയതി. 22.10.2013.

കെ.എസ്.ആർ ഭാഗം I അനുബന്ധം XII A/ XII C ചട്ടങ്ങൾ പ്രകാരം ജീവനക്കാർക്ക് സർക്കാർ അനുവദിച്ച് നൽകിയ ശൂന്യവേതനാവധി റദ്ദ് ചെയ്ത് നിയമനം നൽകുന്നതിനുള്ള അപേക്ഷ നിയമനാധികാരിക്ക് സ്വീകരിക്കാവുന്നതാണെന്നും അപ്രകാരം നിയമനം നൽകിയശേഷം അവധി റദ്ദ് ചെയ്ത് സർക്കാർ ഉത്തരവ് വാങ്ങേണ്ടതാണെന്നും സൂചന (2) ൽ വ്യക്തമാക്കിയിട്ടുണ്ട്.

2. സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ ഭാഗം I അനുബന്ധം XII A/ XII C ചട്ടങ്ങൾ അനുസരിച്ച്, നിലവിലുള്ള അവധി ദീർഘിപ്പിക്കുന്നത് ഉൾപ്പെടെ, ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം അതാത് വകുപ്പ് അദ്ധ്യക്ഷൻമാർക്ക് നൽകി ഉത്തരവായിട്ടുണ്ട്. വകുപ്പ് തലവൻ അനുവദിച്ച പ്രസ്തുത അവധി റദ്ദ് ചെയ്യുന്നതിന് സർക്കാർ അനുമതി ആവശ്യമാണോ എന്ന് ഇപ്പോൾ സംശയം ഉന്നയിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ ഭാഗം I അനുബന്ധം XII A/ XII C ചട്ടങ്ങൾ പ്രകാരം വകുപ്പ് അദ്ധ്യക്ഷൻ അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്യുന്നതിന് വകുപ്പ് അദ്ധ്യക്ഷന് അധികാരം ഉണ്ടായിരിക്കും. അവധി റദ്ദ് ചെയ്ത് നിയമനം നൽകുന്നതിനുള്ള അപേക്ഷ നിയമനാധികാരി സ്വീകരിച്ച് സൂചന 3 ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് നിയമനം നൽകേണ്ടതും അതിനുശേഷം അവധി റദ്ദ് ചെയ്തു കൊണ്ടുള്ള വകുപ്പ് അദ്ധ്യക്ഷന്റെ ഉത്തരവ് വാങ്ങേണ്ടതാണെന്നും സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

4. ഇതിന് 01.12.2012 മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

**റ്റി.കെ.മാർട്ടിൻ**
ധനകാര്യ അഡീഷണൽ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസുകൾക്കും
5. സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും
6. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
8. അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം
9. രജിസ്ട്രാർ, കേരള/ കൊച്ചി/ മഹാത്മാഗാന്ധി സർവ്വകലാശാല
10. രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, തൃശ്ശൂർ
11. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം
12. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
13. ഗവർണ്ണറുടെ സെക്രട്ടറി
14. എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി/ അണ്ടർ സെക്രട്ടറി
15. മുഖ്യമന്ത്രിയുടെയും, മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറി
16. പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറി
17. ചീഫ് സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറി
18. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
19. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
20. ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
21. നോഡൽ ഓഫീസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ